"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന്റെ ഡയറക്ടറുമായ ഡോ. ജബ്ബാർ പി.കെ.-യ്ക്ക് പ്രസ്തുത ചുമതലകളോടൊപ്പം എൻഡോക്രൈനോളജി വിഭാഗത്തിലെയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിലേയും അക്കാദമിക് / ക്ലിനിക്കൽ ഗവേഷണ പ്രവർത്തനങ്ങൾ കൂടി തുടർന്നും നിർവഹിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1582/2025/H&FWD തീയതി,തിരുവനന്തപുരം, 06-06-2025

---

പരാമർശം:-
1. 20/05/2025-ലെ സ.ഉ.(സാധാ).നം. 1374/2025/ആ.കു.വ
2. ഡോ. ജബ്ബാർ പി.കെ. യുടെ 22/05/2025 ലെ സി എ/61/2025/ജി എം സി ടി നം. അപേക്ഷ
3. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 27/05/2025-ലെ എഫ് 4-3613/2025/മെ.വി.വ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എൻഡോക്രൈനോളജി വിഭാഗം പ്രൊഫസറും തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്-ന്റെ ഡയറക്ടറുമായിരുന്ന ഡോ.പി.കെ.ജബ്ബാർ-ന് പരാമർശം (1) ഉത്തരവ് പ്രകാരം റെഗുലർ സ്ഥാനക്കയറ്റം നൽകി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളായി നിയമിക്കുകയുണ്ടായി. കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്-ന്റെ ഡയറക്ടർ തസ്തികയിലേയ്ക്ക് പകരം നിയമനം നടത്തുന്നത് വരെ പ്രസ്തുത ചുമതലയിൽ തുടരുന്നതിനും ടിയാന് അനുമതി നൽകിയിരുന്നു. പ്രസ്തുത ഡയറക്ടർ ചുമതലയോടൊപ്പം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിലെയും, എൻഡോക്രൈനോളജിയിലെയും അക്കാദമിക് / ക്ലിനിക്കൽ ഗവേഷണ പ്രവർത്തനങ്ങൾ കൂടി തുടരുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഡോ. ജബ്ബാർ പി. കെ. സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് പരാമർശം (3) കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി.തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെയും, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് ഡയറക്ടറിന്റെയും ഭരണപരമായ ചുമതലകൾക്ക് തടസ്സം വരാൻ പാടില്ല എന്ന നിബന്ധനയിൽ പൊതു താത്പര്യം പരിഗണിച്ച് ഡോ. ജബ്ബാർ പി. കെ.-യ്ക്ക് എൻഡോക്രൈനോളജിയിലെയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിലെയും അക്കാദമിക്, ക്ലിനിക്കൽ, ഗവേഷണ

പ്രവർത്തനങ്ങൾ കൂടി തുടർന്നും നിർവഹിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജനാർദ്ദനൻ കെ

അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം
ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്,തിരുവനന്തപുരം
ഡോ. ജബ്ബാർ പി. കെ., പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എസ് 1/113/2025/ /ആ.കു.വ)

ഉത്തരവിൻ പ്രകാരം

Signed by
T Muraleedharan Chettiyar
സെക്ഷൻ ഓഫീസർ
Date: 09-06-2025 21:57:21

പകർപ്പ് :

ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.